# ഭാഗം 1:
# അവതാരത്തിനു മുമ്പു

ഒരാൾ യേശുവിനെ കുറിച്ചു ചിന്തിക്കുമ്പോൾ അവന്റെ ഭൂമിയിലെ ശുശ്രൂഷയെ കുറിച്ചു ചിന്തിക്കുവാനാണ് സാധ്യത. ആ ആൺകുട്ടിയുടെ ജനനം സാധാരണമായിരിക്കയില്ല എന്നാണ് ഗബ്രിയേൽ ദൂതൻ പ്രഖ്യാപിച്ചത്. ദൈവത്തിന്റെ മശിഹ വന്നു എന്ന നല്ല വിശേഷണമാണ് അവന്റെ ജനനം കൊണ്ടുവന്നത്. അതു ദൈവത്തിനു സ്തുതിയും മഹത്വവും കൊടുക്കുന്ന സന്ദർഭമായിരുന്നു. അവന്റെ ജനനത്തിലേ ചുറ്റുമുള്ള എല്ലാ വിശദാംശങ്ങളും മനസിലേക്കു വരുന്നു.

വിദ്വാന്മാർ തങ്ങളേക്കാൾ ജ്ഞാനമുള്ളവനെ ചെന്നു ആദരിക്കുവാൻ ഒരിക്കൽ പോയി. ഒറ്റനോട്ടത്തിൽ അവന്റെ ബാല്യം ജന്മനാജ്ഞാനത്തെ വെളിപ്പെടുത്തി. ദൈവാലയത്തിൽ അവൻ ഉന്നയിച്ച ചോദ്യങ്ങളും ഉത്തരങ്ങളും യെഹൂദമതത്തിലെ പണ്ഡിതന്മാരെ വിസ്മയിപ്പിച്ചു. ബാല്യത്തിൽ നിന്നു മനുഷ്യനിലേക്കുള്ള അവന്റെ വളർച്ച ഒറ്റവാചകത്തിൽ ചുരുക്കിപ്പറഞ്ഞാൽ അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും ജ്ഞാനത്തിലും കൃപയിലും വളർന്നു.[1]

നാം എപ്പോഴെങ്കിലും യേശുവിന്റെ ജ്ഞാനത്തിൽ സൂചിപ്പിച്ചിരിക്കുന്ന ഊന്നലിനെ പരിഗണിച്ചിട്ടുണ്ടോ? തന്റെ വ്യക്തിപരമായ ശുശ്രൂഷ തുടങ്ങുന്നതിനു മുൻപു സ്നാനമേല്ക്കുവാൻ വന്നപ്പോൾ "ഇങ്ങനെ *സകല* നീതിയും നിവൃത്തിയാകേണ്ടത്" എന്നു പറഞ്ഞതിലുള്ള ഉയർച്ച നമുക്കു മനസ്സിലായിട്ടുണ്ടോ? സാത്താൻ കൊണ്ടുവന്ന സകല പരീക്ഷണങ്ങളെയും അവൻ പ്രതിരോധിച്ച രീതിയും കഴിവും അവന്റെ അത്ഭുതജ്ഞാനത്തെയും ഉടനെ ദൈവവചനം ഉദ്ധരിക്കുവാനുള്ള അപാരമായ കഴിവും അല്ലേ സൂചിപ്പിക്കുന്നത്? യേശുവിന്റെ "ഗിരിപ്രഭാഷണത്തിൽ" പ്രകടിപ്പിച്ച - മനുഷ്യകഴിവിനപ്പുറമായ ജ്ഞാനം - ആ ഉത്തുംഗമമായ ജ്ഞാനം നമ്മെ വിസ്മയിപ്പിച്ചിട്ടില്ലേ? തീർച്ചയായും യേശുവിന്റെ ജ്ഞാനം അവന്റെ ഓരോ വാക്കിലും, പ്രവൃത്തിയിലും, സ്വഭാവത്തിലും നമുക്കുണ്ട്!

യേശു പ്രദർശിപ്പിച്ചതായ ജ്ഞാനം ഒഴിച്ചുകൂടാൻ പറ്റാത്തതായിരുന്നു. വെള്ളത്തെ നനയുന്നതിൽ നിന്നു തടയുവാൻ കഴിയുമോ? തീയെ ചൂടിൽ നിന്നു അകറ്റുവാൻ കഴിയുമൊ? ദൈവത്തെ ജ്ഞാനത്തിൽ നിന്നകറ്റുവാൻ കഴിയുമോ? തീർച്ചയായും, ഈ

ചോദ്യങ്ങൾക്കുള്ള ഉത്തരം “ഇല്ല” എന്നാണ്! വേള്ളത്തിന്റെ സ്വഭാവം നനക്കുക എന്നതും തീയുടെ സ്വഭാവം ചൂടുനല്കുക എന്നതുമാണ്, അതുപോലെ ദൈവസ്വഭാവമാണ് ജ്ഞാനവും. നിത്യതമുഴുവനും കാലം ഉള്ളപ്പോഴും ദൈവത്തിനു ഒരു വാക്ക് ഭോഷ്ക്ക് പറയുവാനോ ദോഷത്വം പ്രവർത്തിക്കുവാനോ ഒരിക്കലും കഴിയുകയില്ല.

ത്രിത്വത്തെകുറിച്ചുള്ള നമ്മുടെ പഠനം നാം തുടരുമ്പോൾ, യേശു ജനിക്കുന്നതിനു മുൻപുതന്നെ എങ്ങനെ - പുത്രനായ ദൈവം, ആയിട്ട് - ജ്ഞാനം പ്രദർശിപ്പിച്ചു എന്നു നാം കാണും.

---

കുറിപ്പ്

[1]യേശുവിന്റെ ജീവിതത്തെകുറിച്ചുള്ള ചില വാക്യങ്ങളാണിവ: മത്തായി 2:1, 2, 11; 3:13-15; 4:1-11; ലൂക്കൊസ് 1:19; 2:11, 13, 14, 42-47, 49, 52.

© 2009 Truth for Today